20

# പിതാക്കന്മാരെപ്പോലെ തന്നെ മക്കളും

## (7:2- 53)

നമ്മുടെ കഴിഞ്ഞ പാഠത്തിൽ വിശ്വാസ നായകന്മാരിൽ ഒരാളുടെ സ്വഭാവ പഠനമാണ് നാം നടത്തിയത്: സ്തെഫാനൊസ്, എന്ന ക്രിസ്തീയ രക്തസാക്ഷി. ഇപ്പോൾ നമുക്കു സ്തെഫാനൊസ് ന്യായാധിപസംഘത്തിന്റെ മുൻപാകെ പ്രസംഗിച്ച പ്രസംഗത്തെക്കുറിച്ചാണ് അടുത്തറിയേണ്ടത്.

സ്തെഫാനൊസിന്റെ പ്രസംഗം പ്രത്യേകതയുള്ളതാണ്. പ്രവൃത്തികളുടെ പുസ്തകത്തിൽ ഒരു അപ്പൊസ്തലനല്ലാത്ത മറ്റൊരു വ്യക്തിയുടെ ചുരുങ്ങിയ പ്രസംഗങ്ങളിൽ ഒന്നാണിത്[1] - പുസ്തകത്തി ലെ ദൈർഘ്യമേറിയതുമാണിത്![2] പ്രസംഗത്തിലെ അവസാനവാക്കുകളുടെ സൂചന എടുത്താൽ (7:51–53), പാഠത്തിനു പേരിട്ടിരിക്കുന്നത് “പിതാക്കന്മാരെ പോലെ, തന്നെ മക്കളും എന്നാണ്.” സ്തെഫാനൊസിന്റെ പ്രസംഗം “യെഹൂദചരിത്രം ആവർത്തിച്ചു പറയുന്ന പ്രസംഗമാണ്. അവസാനം ചില പരിഹാസ്യവും അടങ്ങുന്നു എന്നു ചിലർ പറയാറുണ്ട്” എന്തായാലും, ആ സംസാരം ദൈവശ്വാസിയമായിരുന്നു എന്നു സകല സൂചനയും, തരുന്നു - ആ പാഠത്തിലെ ഓരോ വാചകവും ഓരോ ഉദ്ദേശം വ്യക്തമാക്കുന്നു.

സ്തെഫാനൊസിന്റെ പ്രതിരോധത്തിൽ അടിസ്ഥാനപരമായ മൂന്നു ഊന്നൽ ചെലുത്തുന്നുണ്ട്: (1) തന്റെ മേൽ ചുമത്ത*പ്പെട്ട്* ആരോപണത്തെ അവൻ പ്രതിരോധിച്ചു. (2) അവൻ അങ്ങനെ *ചെയ്*തതുകൊണ്ട്, താനല്ല തന്നെ കുറ്റപ്പെടുത്തിയവരാണ് - കുറ്റക്കാർ അവനെതിരെ ആരോപിച്ച കുറ്റങ്ങൾ ഇപ്പോൾ ന്യായാധിപസംഘത്തിനെതിരായി. (3) അവന്റെ പ്രസംഗം ക്രിസ്തുവിനെ കേന്ദ്രീകരിച്ചതായിരുന്നു. നാം കാണാൻ പോകുന്ന പോലെ, ചിലപ്പോൾ പ്രസ്താവിച്ചും, പലപ്പോഴും അന്തർലീനമായും മശിഹയെ തന്റെ പ്രസംഗത്തിൽ മുഴുവൻ - മശിഹയെ ഊന്നി പറഞ്ഞിരിക്കുന്നു.[3]

## വിശുദ്ധ ഉടമ്പടി (7:2-16)

"സഹോദരന്മാരും പിതാക്കന്മാരുമായുള്ള പുരുഷന്മാരേ!" എന്നാണ്, തുടങ്ങിയത് (7:2) ന്യായാധിപസഭയെ ബഹുമാനിക്കുന്ന വാക്കുകളായിരുന്നു അവൻ സംസാരിച്ചത്.[4] യെഹൂദന്മാർക്കു തങ്ങളുടെ ദേശത്തിന്റെ ചരിത്രം കേൾക്കുവാൻ അവർക്കു താല്പര്യമുണ്ടായിരുന്നു; അവർ ദൈവത്തിന്റെ പ്രത്യേക ജനമാണെന്ന് ഊന്നിപറഞ്ഞു നിരായുധമാക്കുന്നതായിരുന്നു സ്തെഫാനൊസിന്റെ വാക്കുകൾ:

> "നമ്മുടെ പിതാവായ അബ്രഹാം ഹാരാനിൽ വന്നു പാർക്കും മുമ്പേ,[5] മെസെപ്പൊത്താമ്യയിൽ ഇരിക്കുമ്പോൾ തന്നേ തേജോമയനായ ദൈവം അവന്നു പ്രത്യക്ഷനായി, 'നിന്റെ ദേശത്തെയും നിന്റെ ചാർച്ചക്കാരെയും വിട്ടു, ഞാൻ നിനക്കുകാണിച്ചുതരുന്ന ദേശത്തിലേക്കു ചെല്ലുക' എന്നു, പറഞ്ഞു. അങ്ങനെ അവൻ കല്ദാരുടെ ദേശം വിട്ടു,[6] ഹാരാനിൽ വന്നു പാർത്തു.[7] അവന്റെ അപ്പൻ മരിച്ചശേഷം, ദൈവം അവനെ അവിടെനിന്നു, നിങ്ങൾ ഇപ്പോൾ പാർക്കുന്ന ഈ ദേശത്തിൽ കൊണ്ടുവന്നു പാർപ്പിച്ചു.[8] അവന്നു അതിൽ ഒരു കാലടി നിലം പോലും അവകാശം കൊടുത്തില്ല;[9] അവന്നു സന്തതിയില്ലാതിരിക്കെ, അവന്നും അവന്റെ ശേഷം അവന്റെ സന്തതിക്കും അതിനെ കൈവശമായിനല്കുമെന്നു അവനോടു വാഗ്ദാനം ചെയ്തു, അവന്റെ സന്തതി അന്യദേശത്തുചെന്നു പാർക്കും: ആ ദേശക്കാർ അവരെ അടിമയാക്കി നാനൂറുസംവത്സരം പീഡിപ്പിക്കും എന്നും ദൈവം കല്പിച്ചു.[10] അവർ സേവിക്കുന്ന ജാതിയെ ഞാൻ ന്യായം വിധിക്കും, അതിന്റെ ശേഷം അവർ പുറപ്പെട്ടുവന്നു ഈ സ്ഥലത്തു എന്നെ സേവിക്കും എന്നു ദൈവം അരുളിച്ചെയ്തു, പിന്നെ അവന്നു പരിച്ഛേദന എന്ന നിയമം കൊടുത്തു;[11] അങ്ങനെ അവൻ യിസഹാക്കിനെ ജനിപ്പിച്ചു, എട്ടാം നാൾ പരിച്ഛേദന എന്ന നിയമംകൊടുത്തു; യിസഹാക്ക് യാക്കൊബിനെയും, യാക്കൊബ് പന്ത്രണ്ടു ഗോത്രപിതാക്കന്മാരേയും ജനിപ്പിച്ചു" (7:2-8).

ദൈവദൂഷണം പറഞ്ഞുവെന്ന കുറ്റമായിരുന്നു സ്തെഫാനൊസിൽ അവർ ആരോപിച്ചത് (6:11), പക്ഷേ അവനോ ദൈവത്തോടു അതീവ ആദരവു പ്രകടിപ്പിച്ചു. ദൈവത്തെ അവൻ "മഹത്വത്തിന്റെ ദൈവം"[12] എന്നാണ് സൂചിപ്പിച്ചത്, അബ്രഹാമിന്റേയും മറ്റും ജീവിതത്തിൽ ദൈവം പ്രവർത്തിച്ചതിനേയും അവൻ എടുത്തുകാട്ടി.

സ്തെഫാനൊസ് ഒരു പക്ഷേ ചില സത്യങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചിരിക്കാം: ദൈവാലയം പണിയുന്നതിനും ന്യായപ്രമാണം നല്കുന്നതിനും വളരെ മുൻപാണ് അബ്രഹാമിന്റെ ജീവിതത്തിൽ മഹത്തായ കാര്യങ്ങൾ സംഭവിച്ചത്! അവൻ സൂചിപ്പിച്ച പല സുപ്രധാനകാര്യങ്ങളും പാലസ്തീനു പുറത്തു സംഭവിച്ചതാണെന്നതാണ് സവിശേഷകാര്യം! സ്തെഫാനൊസ് അബ്രഹാമിനു ദൈവം ചെയ്ത വാഗ്ദാനത്തെക്കുറിച്ചു പറയുമ്പോൾ, നമുക്കറിയാം: ഈ വാഗ്ദാനം വരുവാനുള്ള മശിഹയിൽ കൂടെ ദേശങ്ങളും അനുഗ്രഹിക്കപ്പെടും, എന്നു മുന്നറിയിച്ചിരുന്നു![13]

സ്തെഫാനൊസ് പിതാക്കന്മാരെക്കുറിച്ചു പറഞ്ഞപ്പോൾ, അവൻ

ഒരു പുതിയ വിഷയത്തെ പരിചയപ്പെടുത്തുകയായിരുന്നു: യെഹൂദ ചരിത്രം മുഴുവൻ പരിശോധിച്ചാൽ, ദൈവം അവരുടെ അടുക്കൽ അയച്ച എല്ലാ വിടുവിപ്പുകാരെയും യെഹൂദന്മാർ *തള്ളിക്കളഞ്ഞു*! ദൈവം - അംഗീകരിച്ച ആദ്യത്തെ വിടുവിപ്പുക്കാരനെ ജനം തള്ളി ക്കളഞ്ഞു ആദ്യം അവർ തള്ളിക്കളഞ്ഞ ദൈവം അംഗീകരിച്ച വിടു വിപ്പുകാരനായിരുന്നു യോസേഫ്:

> "ഗോത്രപിതാക്കന്മാർ യോസേഫിനോടു അസൂയപ്പെട്ടു അവനെ മിസ്രയിമിലേക്കു വിറ്റുകളഞ്ഞു.[14] എന്നാൽ ദൈവം അവനോടുകൂടെ ഇരുന്നു,[15] സകല സങ്കടങ്ങളിൽ നിന്നും അവനെ വിടുവിച്ചു,[16] മിസ്രയീം രാജാവായ; ഫറവോന്റെ മുമ്പാകെ അവന്നു കൃപയും ജ്ഞാനവും കൊടുത്തു, അവൻ അവനെ മിസ്രയീമിനും തന്റെ സർവ്വഗൃഹത്തിനും അധിപതിയാക്കിവെച്ചു. മിസ്രയീം[17] ദേശത്തിലും കനാനിലും, എല്ലാം ക്ഷാമവും മഹാകഷ്ടവും വന്നാറെ; നമ്മുടെ പിതാക്കന്മാർക്കു ആഹാരം കിട്ടാതെയായി. മിസ്രയിമിൽ ധാന്യം ഉണ്ട് എന്നു കേട്ടിട്ടു, യാക്കൊബ് നമ്മുടെ പിതാക്കന്മരെ അറിയിച്ചു. യോസേഫിന്റെ വംശം ഫറവോന്നു വെളിവായ്വന്നു യോസേഫ് ആളയച്ചു തന്റെ പിതാവായ യാക്കൊബിനെയും കുടുംബത്തെ ഒക്കെയും വരുത്തി,[18] അവർ ആകെ എഴുപത്തഞ്ചു പേരായിരുന്നു"[19] (7:9–14).

സ്തെഫാനൊസ് ഇവിടെ ഊന്നിപറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുക: (1) യോസേഫിന്റെ സഹോദരന്മാരും (യെഹൂദന്മാരുടെ "പിതാക്കന്മാരും") യോസേഫിനെ തള്ളിക്കളഞ്ഞു (2) ദൈവം അവർക്കു *രണ്ടാമതു* ഒരവസരം കൊടുത്തു (അവർ ധാന്യം വാങ്ങു വാൻ മിസ്രയിമിൽ ചെന്നപ്പോൾ). (3) രണ്ടാം പ്രാവശ്യം, അവർക്കു യോസേഫിനെ അവരുടെ വീണ്ടെടുപ്പുകാരനായി സ്വീകരിക്കേണ്ടിവന്നു - അല്ലെങ്കിൽ മരിക്കുമായിരുന്നു (പട്ടിണിയാൽ). സ്തെഫാനൊസ് ഈ സത്യത്തെ പറഞ്ഞിട്ടു മറ്റൊരു വീണ്ടെടുപ്പുകാരനെ, തന്റെ പ്രസംഗ ത്തിൽ എടുത്തു പറയുന്നു.

സ്തെഫാനൊസ് ഇപ്പോൾ നാനൂറു വർഷത്തെ ചരിത്രം ഓടിച്ചു നോക്കുകയാണ്:

> യാക്കൊബ് മിസ്രയിമിലേക്കു പോയി, അവനും നമ്മുടെ പിതാക്കന്മാരും മരിച്ചു. അവരെ ശേഖേമിൽ കൊണ്ടുവന്നു,[20] ശേഖേമിൽ ... എമ്മോറിന്റെ മക്കളോടു അബ്രഹാം വില കൊടുത്തു വാങ്ങിയ കല്ലറയിൽ അടക്കം ചെയതു (7:15, 16).[21]

## വിശുദ്ധകല്പനകൾ
**(7:17-43)**

മോശെക്കെതിരെയും ന്യായപ്രമാണത്തിനെതിരെയും ദൂഷണം പറ ഞ്ഞുവെന്ന കുറ്റം സ്തെഫാനൊസിൽ ആരോപിക്കപ്പെട്ടിരുന്നു (6:11, 13).

ഈ പ്രസംഗത്തിന്റെ ഹൃദയഭാഗം തന്നെ മോശെയെക്കുറിച്ചുള്ള കഥകളായിരുന്നു പശ്ചാത്തല വിവരണത്തോടുകൂടിയാണ് അവൻ ആരംഭിക്കുന്നത്:

> ദൈവം അബ്രഹാമിനോടു അരുളിചെയ്ത വാഗ്ദത്തെ കാലം അടുത്തപ്പോൾ,[22] ജനം മിസ്രയിമിൽ വർദ്ധിച്ചു പെരുകി, ഒടുവിൽ യോസേഫിനെ അറിയാത്ത വേറൊരു രാജാവു മിസ്രയിമിൽ വാണു.[23] അവൻ നമ്മുടെ വംശത്തോടു ഉപായം പ്രയോഗിച്ചു നമ്മുടെ പിതാക്കന്മാരെ പീഡിപ്പിച്ചു, അവരുടെ ശിശുക്കൾ ജീവനോടെ ഇരിക്കരുത് എന്നു വെച്ചു അവരെ പുറത്തിടുവിച്ചു[24] (7:17–19).

സ്തെഫാനൊസിന്റെ പ്രസംഗം തുടർന്നു, പറയുന്നതെങ്ങനെ യാണ്, ഈ ദു:ഖകരമായ സമയത്ത്, ഒരാൾ ദൈവത്തിൽ നിന്നു ജനിച്ചു എങ്ങനെ തന്റെ ജനത്തെ വിടുവിക്കും എന്നു വ്യക്തമാക്കുന്നു:

> ആ കാലത്തു മോശെ ജനിച്ചു;[25] ദിവ്യ സുന്ദരനായിരുന്നു; അവനെ മൂന്നു മാസം അപ്പന്റെ വീട്ടിൽ പോറ്റി. പിന്നെ അവനെ പുറത്തിട്ടപ്പോൾ [നൈൽ നദിയിൽ ഞാങ്ങണയുടെ പെട്ടകത്തിൽ വെച്ചു][26] ഫറവോന്റെ മകൾ അവനെ എടുത്തു, തന്റെ മകനായി വളർത്തി. മോശെ മിസ്രയിമാരുടെ സകല ജ്ഞാനവും അഭ്യസിച്ചു, വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിതീർന്നു (7:20–22).[27]

സ്തെഫാനൊസിനെ ശ്രദ്ധിച്ച ആർക്കും പറയാൻ സാദ്ധ്യമല്ല അവൻ മോശെയെ ദുഷിച്ചു എന്ന്, മറിച്ച് അവൻ ആദരിക്കുകയായിരുന്നു.

പിന്നീട് മോശെ, ഒരു എബ്രായനാണെന്നു തിരിച്ചറിഞ്ഞ സംഭവം, പറയുന്നുണ്ട്. മോശെ ജനത്തെ വിടുവിക്കുവാൻ ശ്രമിച്ചപ്പോൾ തന്റെ സ്ഹോദരന്മാർ അവനെ തള്ളിക്കളഞ്ഞതു, സ്തെഫാനൊസ് അവരെ ഓർപ്പിച്ചു:

> അവന്നു നാല്പതു വയസ്സു തികഞ്ഞപ്പോൾ,[28] യിസ്രായേൽ മക്കളായ, തന്റെ സഹോദരന്മാരെ ചെന്നുകാണേണം എന്നു മനസ്സിൽ തോന്നി. അവരിൽ ഒരുത്തൻ അന്യായം ഏല്ക്കുന്നതു കണ്ടിട്ടു, അവന്നു തുണ നിന്നു. മിസ്രയിമിനെ അടിച്ചുകൊന്നു. പീഡിതനു വേണ്ടി പ്രതിക്രിയ ചെയ്തു.[29] ദൈവം താൻ മുഖാന്തരം അവർക്കു രക്ഷനല്കും എന്നു സഹോദരന്മാർ ഗ്രഹിക്കും എന്നു അവൻ നിരൂപിച്ചു;[30] എങ്കിലും അവർ ഗ്രഹിച്ചില്ല. പിറ്റെന്നാൾ അവർ കലഹിച്ചു കൊണ്ടിരിക്കുമ്പോൾ അവൻ അവരുടെ അടുക്കൽ വന്നു. "പുരുഷന്മാരേ, നിങ്ങൾ സഹോദരന്മാരല്ലോ, തമ്മിൽ അന്യായം ചെയ്യുന്നതു എന്തു എന്നു പറഞ്ഞു?" അവരെ സമാധാനപ്പെടുത്തുവാൻ നോക്കി. എന്നാൽ കൂട്ടുകാരനോടു അന്യായം ചെയ്യുന്നവൻ അവനെ ഉന്തിക്കളഞ്ഞു, "നിന്നെ ഞങ്ങൾക്കു അധികാരിയും ന്യായകർത്താവും ആക്കിയതു ആർ?[31] ഇന്നലെ മിസ്രയിമ്യനെ കൊന്നതുപോലെ, എന്നെയും കൊല്ലുവാൻ ഭാവിക്കുന്നുവോ എന്നു പറഞ്ഞു?" ഈ

> വാക്കു കേട്ടിട്ടു മോശെ ഓടിപ്പോയി,[32] മിദ്യാൻ ദേശത്തു ചെന്നു പാർത്തു, അവിടെ രണ്ടു പുത്രന്മാരെ ജനിപ്പിച്ചു (7:23–29).

ഒരിക്കൽ കൂടെ ദൈവം യോസേഫിന്റെ കാര്യത്തിലെന്നപോ ലെ, തന്റെ ജനത്തിനു രണ്ടാമതൊരു അവസരം കൂടെ നല്കിയതായി സ്തെഫാനൊസ് പറഞ്ഞു:

> നാല്പതാണ്ടു കഴിഞ്ഞപ്പോൾ, സിനയ്മലയുടെ മരുഭൂമിയിൽ ഒരു ദൈവദൂതൻ[33] മുൾപ്പടർപ്പിലെ അഗ്നിജ്വാലയിൽ, അവനു പ്രത്യക്ഷ നായി.[34] മോശെ ആ ദർശനം കണ്ടു, ആശ്ചര്യപ്പെട്ടു; സൂക്ഷിച്ചു നോക്കുവാൻ അടുത്തു ചെല്ലുമ്പോൾ, "ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമായി, അബ്രഹാമിന്റേയും യിസ്ഹക്കിന്റേയും യാക്കോബിന്റെയും ദൈവം അടുത്തു എത്തും" കർത്താവിന്റെ ശബ്ദം കേട്ടു: മോശെ വിറച്ചിട്ടു നോക്കാൻ തുനിഞ്ഞില്ല. കർത്താവു അവനോടു, "നീ നില്ക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ, കാലിൽ നിന്നു ചെരിപ്പ് ഊരിക്കളക. മിസ്രയീമിൽ എന്റെ ജനത്തിന്റെ പീഡ ഞാൻ കണ്ടു, അവരുടെ ഞരക്കവും കേട്ടു, അവരെ വിടുവിപ്പാൻ ഇറങ്ങിവന്നിരിക്കുന്നു; ഇപ്പോൾ വരിക; ഞാൻ നിന്നെ മിസ്രയിമിലേക്കു അയക്കും എന്നു പറഞ്ഞു" (7:30–34).

മോശെ അവരുടെ വിടുവിപ്പുകാരനാണെന്നും അവരുടെ പിതാക്കന്മാർ അവനെ തള്ളിക്കളഞ്ഞു എന്നും അവർക്കു മനസ്സിലായില്ലെങ്കിൽ, സ്തെഫാനൊസ് തറപ്പിച്ചു പറഞ്ഞു: "ഈ മോശെയെ ആണ് അവർ നിരസിച്ചത് [''തള്ളിക്കളഞ്ഞു''; എൻ.ഐ.വി], പറയുന്നു 'നിന്നെ അധികാരിയും ന്യായകർത്താവും ആക്കിയതാർ?' എന്നിങ്ങനെ അവർ *തള്ളിപ്പറഞ്ഞ* ഈ മോശെയെ ദൈവം മുൾപ്പടർപ്പിൽ പ്രത്യക്ഷനായ ദൂതൻ മുഖാന്തരം അധികാരിയും *വീണ്ടെടുപ്പുകാരനും* ആക്കിവെച്ചു" (7:35; എംഫസിസ്മൈൻ) യോസേഫിന്റെ കാര്യത്തിലെന്നപോലെ, ദൈവത്തിന്റെ വീണ്ടെടുപ്പുകരാനെ അവർ *രണ്ടാം* പ്രാവശ്യവും തള്ളിക്കളഞ്ഞതു (അവനെ അനുഗമിക്കാതിരുന്നെങ്കിൽ), അവർ മിസ്രയിം (പ്രവാസത്തിൽ) മരിക്കുമായിരുന്നു.

35–ാം വാക്യം മുതൽ, സ്തെഫാനൊസ് മോശെയെക്കുറിച്ചു നേരിയ രൂപരേഖ നൽകിയിരിക്കയാണ്:

> അവൻ മിസ്രയിമിലും ചെങ്കടലിലും നാല്പതു സംവത്സരം ... മരുഭൂമിയിലും അതിശയങ്ങളും അടയാളങ്ങളും ചെയ്തു, അവരെ നടത്തികൊണ്ടു വന്ന മോശെയെ അവർ തള്ളിക്കളഞ്ഞു ... , "ദൈവം നിങ്ങളുടെ സഹോദരന്മാരിൽ നിന്നു എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്കു എഴുന്നേല്പിച്ചുതരും"[35] എന്നു യിസ്രായേൽ മക്കളോടു പറഞ്ഞ മോശെ അവൻ തന്നേ,സിനായ് മലയിൽ തന്നോടു സംസാരിച്ച ദൂതനോടും, നമ്മുടെ പിതാക്കന്മാരോടുകൂടെ; മരുഭൂമിയിലെ സഭയിൽ[36] ഇരുന്നവനും നമുക്കു തരുവാൻ ജീവനുള്ള അരുളപ്പാട് ലഭിച്ചവനും അവൻ തന്നെ (7:35–38).

മോശെയുടെ നാല്പതുവർഷക്കാല ജീവിതത്തിന്റെ രൂപരേഖ നല്കി കൊണ്ട്, സ്തെഫാനൊസ് മോശെയെയും ന്യായപ്രമാണത്തെ യും ആദി രക്കുകയാണ് ചെയ്തതു. സിനായ് പർവ്വതത്തിൽ വെച്ച് ഒരു ദൂതനാണ് മോശെയോടു സംസാരിച്ചത് എന്നു സ്തെഫാനൊസ് വ്യക്തമാക്കുന്നു, "ജീവനുള്ള അരുളപ്പാടായിട്ടാണ്"[37] ന്യായപ്രമാണത്തെ സ്തെഫാനൊസ് സൂചിപ്പിച്ചത്. താൻ മോശെയെയോ ന്യായ പ്രമാണത്തെയോ ദൂഷണം പറയാത്ത നിരപരാധിയാണെന്നു അവൻ തെളിയിച്ചു.

സ്തെഫാനൊസിന്റെ വാക്കുകൾക്കു മറ്റൊരു ഉദ്ദേശം ഉണ്ടായിരുന്നു – അഗാധമായ ഉദ്ദേശം. മോശെ പറഞ്ഞതു അവൻ ന്യായാധിപ സഭയോടു പറഞ്ഞു, "നിങ്ങളുടെ സഹോദരന്മാരിൽ ഒരുത്തനെ *എന്നെ പ്പോലെ* ഞാൻ പ്രവാചകനാക്കിവെക്കും." (എംഫസിസ്മൈൻ.) പിന്നെ മോശെ ഏതുപോലെ ആയിരുന്നുവെന്നു പിന്നെ പറയുന്നു: അവൻ വാഴുന്നവൻ ആയിരുന്നു (വാക്യം 35). അവൻ വിടുവിക്കുന്നവൻ ആയിരുന്നു (വാക്യം 35). അവൻ അത്ഭുതം ചെയ്യുന്നവനായിരുന്നു (വാക്യം 36). അവൻ പ്രവാചകൻ ആയിരുന്നു (വാക്യം 37). അവന്നു ഒരു ഇടവകയുണ്ടായിരുന്നു (സഭ) (വാക്യം 38). അവൻ ദൈവ സന്ദേശം ജനങ്ങളിൽ എത്തിച്ചു (വാക്യം 38). നസ്രേത്തുകാരനായ യേശുവുമായി സമാനതവിട്ടു കളയുന്നതു പ്രയാസമാണ്.

സ്തെഫാനൊസ് ഈ സമാനതയെ ഊന്നി പറയാൻ എങ്ങനെയായാലും, തയ്യാറായില്ല, ദൈവം രണ്ടാമതു ഒരു വിടുവിക്കുന്നവനെ പിതാക്കന്മാർക്കു അയച്ചിട്ടും അവർ രണ്ടാം പ്രാവശ്യവും തള്ളിക്കളഞ്ഞു, തന്റെ കേൾവിക്കാരെ അവൻ ഓർപ്പിക്കയാണ്:

> നമ്മുടെ പിതാക്കന്മാർ അവന്നു കീഴ്പ്പെടുവാൻ മനസ്സില്ലാതെ, അവനെ [“*തള്ളിക്കളഞ്ഞു*”; NIV] ഹൃദയം കൊണ്ടു മിസ്രയീമിലേക്കു പിന്തിരിഞ്ഞു, അഹരോനോടു, "ഞങ്ങൾക്കു മുമ്പായി നടപ്പാൻ ദൈവങ്ങളെ ഉണ്ടാക്കിത്തരിക; ഞങ്ങളെ മിസ്രയീമിൽ നിന്നു നടത്തികൊണ്ടുവന്ന ആ മോശെക്കു – എന്തു സംഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു പറഞ്ഞു." അന്നേരം അവർ ഒരു കാളക്കുട്ടിയെ[38] ഉണ്ടാക്കി ആ ബിംബത്തിനു ബലി കഴിച്ചു, തങ്ങളുടെ കൈപ്പണിയിൽ ഉല്ലസിച്ചുകൊണ്ടിരുന്നു (7:39–41).

ജീവനുള്ള അരുളപ്പാടുകൾക്കു പകരം, അവർ ജീവനില്ലാത്ത വിഗ്രഹത്തെ സ്വീകരിച്ചു. ദൈവത്തിന്റെ വീണ്ടെടുപ്പുകാരനെ അവർ രണ്ടാം പ്രാവശ്യവും തള്ളിക്കളഞ്ഞപ്പോൾ, ദൈവകോപം അവരിൽവന്നു. മുൻനിഴലായി യിസ്രായേൽ മരുഭൂമിയിൽ വെച്ച് ദൈവത്തെ തള്ളിക്കളഞ്ഞതു അവർ വീണ്ടും തുടരുകയാണ്, സ്തെഫാനൊസ് ചരിത്രത്തെ ഊന്നികൊണ്ടു, ആമോസിന്റെ വാക്കുകളെ കാണിച്ചുകൊണ്ട് ദൈവം ഒരിക്കലും തള്ളിക്കളയൽ സഹിക്കയില്ല എന്നു കാണിക്കുകയാണ്:

> ദൈവവും പിന്തിരിഞ്ഞു, ആകാശത്തിലെ സൈന്യത്തെ ആരാധിപ്പാൻ;[40] അവരെ കൈവിട്ടു.[39] യിസ്രായേൽ ഗൃഹമേ, നിങ്ങൾ മരുഭൂ

മിയിൽ എനിക്കു നാല്പതു സംവത്സരം ഹനനയാഗങ്ങളും,[41] ഭോജനയാഗങ്ങളും അർപ്പിച്ചുവോ? നിങ്ങൾ നമസ്കരിപ്പാൻ[42] ഉണ്ടാക്കിയ സ്വരൂപങ്ങളായ മൊലോക്കിന്റെ കൂടാരവും[43] രേഫാൻ ദേവന്റെ നക്ഷത്രവും നിങ്ങൾ എടുത്തു നടന്നുവല്ലൊ,[44] എന്നാൽ ഞാൻ നിങ്ങളെ ബാബിലോന്നപ്പുറം പ്രവാസിപ്പിക്കും എന്നു പ്രവാചകന്മാരുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നുവല്ലൊ[45] (7:42, 43).

മിസ്രയിമിലെ അടിമത്വത്തിൽ നിന്നു ദൈവം (യിസ്രായേലിനെ) വിടുവിച്ചു, പക്ഷേ അവർ അവന്റെ വിടുവിപ്പുകാരെ തുടർച്ചയായി തള്ളിക്കളഞ്ഞുകൊണ്ടിരുന്നപ്പോൾ (മരുഭൂമിയിലും കനാൻ ദേശത്തും), ദൈവം അവരെ വീണ്ടും (ബാബേലിൽ) പ്രവാസത്തിന്നയച്ചു!

**വിശുദ്ധന്യായാദിപസഭകൾ (7:44-50)**

മൊലോക്കിന്റെ കൂടാരത്തിലെ സേവനത്തെ എടുത്തുകാണിച്ചു സ്തെഫാനൊസ് തന്റെ പ്രസംഗത്തിന്റെ മൂന്നാം ഭാഗത്തേക്കു കടക്കുകയാണ്, അതിൽ അവൻ ആദ്യം ദൈവത്തിന്റെ കൂടാരത്തെക്കുറിച്ചു പറഞ്ഞു പിന്നെ ദൈവാലയത്തെക്കുറിച്ചും. മൂന്നാമത്തെ ഭാഗത്ത്, ദൈവാലയത്തെക്കുറിച്ചു താൻ ദൂഷണം പറഞ്ഞുവെന്ന കുറ്റത്തെ നേരിടുകയാണ് (6:13, 14). എങ്ങനെയായാലും, മറ്റു രണ്ടു ആരോപണങ്ങളെ നേരിട്ടതിൽ നിന്നു വിഭിന്നമായാണ് ഈ ആരോപണത്തെ അവൻ നേരിടുന്നത്. ദൈവത്തിനും, മോശെക്കും, ന്യായപ്രമാണത്തിനും, എതിരായി ദുഷിച്ചു എന്നതിനെ പ്രതിരോധിച്ച് അവൻ മൂന്നിനും ബഹുമാനം കൊടുത്തു സംസാരിച്ചു. അവൻ ദൈവാലയത്തിനെതിരായി സംസാരിച്ചുവെന്ന ആരോപണത്തെ, അവൻ നേരിട്ടത് ചെറിയ വ്യത്യാസത്തോടെയാണ് – അതായതു അവൻ ദൈവാലയത്തിനു മാത്രം പ്രാധാന്യം കൊടുക്കാതെയാണ് സംസാരിച്ചത്.

"നീ കണ്ട മാതിരിക്കൊത്തവണ്ണം[46] അതിനെ തീർക്കേണം എന്നു മോശെയോടു അരുളിച്ചെയ്തവൻ കല്പിച്ചതുപോലെ നമ്മുടെ പിതാക്കന്മാർക്കു മരുഭൂമിയിൽ സാക്ഷ്യ കൂടാരം ഉണ്ടായിരുന്നു.[47] നമ്മുടെ പിതാക്കന്മാർ അതു ഏറ്റു വാങ്ങി ദൈവം നമ്മുടെ പിതാക്കന്മാരുടെ മുമ്പിൽ നിന്നു നീക്കിക്കളഞ്ഞ ജാതികളുടെ അവകാശത്തിലേക്കു യോശുവയുമായി കൊണ്ടുവന്നു ദാവീദിന്റെ കാലം വരെ വെച്ചിരുന്നു"[48] (7:44, 45).

യെരുശലേമിൽ ദൈവാലയം പണിയുന്നതിനു മുമ്പു തന്നെ പിതാക്കന്മാർ ദൈവത്തെ നമസ്ക്കരിച്ചിരുന്നു എന്നു സ്തെഫാനൊസ് ഓർപ്പിച്ചു. ദൈവം മോശെയോടു ആലയം ഉണ്ടാക്കാൻ പറഞ്ഞില്ല, മറിച്ചു കൂടാരമുണ്ടാക്കാനാണ് പറഞ്ഞത്. അവരുടെ പിതാക്കന്മാർ അന്നാൾ മരുഭൂമിയിൽ സമാഗമന കൂടാരത്തിൽ നമസ്കരിച്ചു കനാൻ ദേശത്തിലും അത് "ദാവീദ് വരെ" *നാനൂറു വർഷം* അതു തുടർന്നു.

നിയമപെട്ടകത്തിനു സ്ഥിരമായ കെട്ടിടം എന്ന ആശയം ദാവീദി

ലാണ് ആരംഭിച്ചത്: "അവർ ദൈവത്തിന്റെ മുമ്പാകെ കൃപ ലഭിച്ചു,[49] യാക്കൊബ് ദൈവത്തിനു ഒരു വാസസ്ഥലം ഉണ്ടാക്കുവാൻ അനുവാദം അപേക്ഷിച്ചു" (7:46). ദാവീദിനെ ആ ആശയത്തിനു അനുമോദിച്ചെങ്കിലും ദൈവാലയം പണിയാൻ അവനെ അനുവദിച്ചില്ല (2 ശമുവേൽ 7:2–13): സൂചന എന്തെന്നാൽ ദൈവാലയം ആവശ്യമെങ്കിൽ അതു [ദാവീദ് പറഞ്ഞതു പോലെ] പിന്നീട് പണിയാം എന്നായിരുന്നു. "ശലോമോൻ അവന്നു ഒരു ആലയം പണിതു" (7:47; 2 ശമുവേൽ 7:2–13). വർഷങ്ങൾക്കുശേഷമാണ് ദാവീദ് നിർദ്ദേശിച്ചപോലെ അവസാനം, ദൈവാലയം പണിതത്!

പിന്നെ സ്തെഫാനൊസ് അപകീർത്തിപ്പെടുത്തുന്ന പ്രസ്താവന നടത്തി (ഒരു പക്ഷെ തന്റെ പ്രസംഗത്തിൽ മുൻപു ഇതു പ്രസ്താവിച്ചതാകാം, ഒരു പക്ഷേ ഈ പ്രസ്താവനയാകാം അവൻ ദൈവാലയത്തിനു എതിരായി സംസാരിച്ചു എന്നവർ കുറ്റം ചുമത്തിയത്): "എങ്ങനെയായാലും, അത്യുന്നതനായവൻ കൈപ്പണിയായതിൽ വസിക്കുന്നില്ലതാനും" (7:48).[50] ഇതു പോലെയുള്ള പ്രസ്താവന തന്റെ കേൾവിക്കാരുടെ താപം കൂട്ടി – എന്നാൽ അതു ദൂഷണമായിരുന്നോ? ശലോമോൻ ദൈവാലയം ദൈവത്തിനായി പ്രതിഷ്ഠിച്ചുകൊണ്ടു പ്രാർത്ഥിച്ചത്, "എന്നാൽ, ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമോ സ്വർഗ്ഗത്തിലും സ്വർഗ്ഗാദി സ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലൊ പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നതെങ്ങനെ!'' (1 രാജാക്കന്മാർ 8:27; 2 ദിനവൃത്താന്തം 6:18) ഇതേസത്യം പ്രവാചകനായിരുന്ന യെശയ്യാവു ഊന്നി പറഞ്ഞിരുന്നു എന്നു സ്തെഫാനൊസ് ന്യായാധി പസംഘത്തെ ഓർമിപ്പിച്ചു:

> ... "സ്വർഗ്ഗം എനിക്കു സിംഹാസനവും, ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം?" കർത്താവ് പറഞ്ഞു; ''എന്റെ വിശ്രമസ്ഥലവും ഏത്? ഈ കാര്യങ്ങളൊന്നും എന്റെ കയ്യിലല്ല?" (7:48–50; യെശയ്യാവ് 66:1, 2).

ദൈവത്തിന്റെ സൃഷ്ടികൾ എല്ലാം അവന്റെ ആലയമാണെന്നത്രേ യെശയ്യാവു പറഞ്ഞത്! എന്തുകൊണ്ട്, മനുഷ്യനിർമ്മിതമായ ഒരു കെട്ടിടം അപ്രധാനമെന്നു ആരെങ്കിലും പറഞ്ഞാൽ പിന്നെ, ന്യായാധിപസംഘത്തിനെന്താണ്?

ദൈവം തന്റെ ജനത്തിൽ വസിക്കുന്നു എന്നു പഠിപ്പിക്കുവാൻ പറ്റിയ സമയം ഇതാണ്.[51] "മനസ്ഥാപവും മനോവിനയം ഉള്ളവരോടു കൂടെയും ... അവൻ വസിക്കുന്നു" എന്നു ദൈവം പറഞ്ഞതായി, യെശയ്യാവു പറയുന്നു (യെശയ്യാവ് 57:15).[52] സ്തെഫാനൊസിനു, എങ്ങനെയായാലും, പ്രസംഗത്തിലൂടെ എല്ലാ ചരടും വലിച്ചുമുറുക്കുവാൻ അവസരം കിട്ടിയില്ല.[53]

**അത്ഭുതപ്പെടുത്തുന്ന ഉപസംഹാരം**
**(7:51-53)**

സ്തെഫാനൊസിന്റെ അവതരണഗതി പെട്ടെന്നു 51–ാം വാക്യത്തിൽ ശക്തമായി മാറി. അവന്റെ കേൾവിക്കാരുടെ മുഖത്തുണ്ടായിരുന്ന വെറുപ്പുകൂടിവരുന്നതു അവനു കാണാൻ കഴിഞ്ഞില്ലേ? തനിക്കു പറയാനുള്ളതെല്ലാം പറയുവാനുള്ള സമയമില്ല എന്നു അവനറിഞ്ഞുകൂടെ? യെഹൂദൻന്മാർ എങ്ങനെ "പ്രവാചകന്മാരോടു" (വാക്യം 48) പെരുമാറി എന്നു സ്തെഫാനൊസിനെ ഓർപ്പിക്കുന്നതായിരുന്നു അവൻ പ്രവാചകനെ സൂചിപ്പിച്ചവാക്യം (വാക്യം 52)? കാരണം എന്തായാലും, പ്രതിരോധത്തിൽ നിന്നു അവൻ എതിർപ്പിലേക്കു വഴുതിമാറി, തനിക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ അക്കമിട്ട് അവൻ അവർക്കെതിരായി ഉന്നയിച്ചു:

> ശാഠ്യക്കാരും ഹൃദയത്തിനും ചെവിക്കും പരിച്ഛേദന ഇല്ലാത്തവരായുള്ളോരേ[54] നിങ്ങളുടെ പിതാക്കന്മാരെ പോലെ തന്നേ നിങ്ങളും എല്ലായ്പോഴും പരിശുദ്ധാത്മാവിനോടു മറുത്തു നില്ക്കുന്നു;[55] പ്രവാചകന്മാരിൽ ഏവനെ നിങ്ങളുടെ പിതാക്കന്മാർ ഉപദ്രവിക്കാതിരുന്നിട്ടുള്ളു?[56] നീതിമാനായവന്റെ വരവിനെക്കുറിച്ചു മുൻ അറിയിച്ചവരെ അവർ കൊന്നുകളഞ്ഞു,[57] അവന്നു നിങ്ങൾ ഇപ്പോൾ ദ്രോഹികളും കുലപാതകരും ആയിതീർന്നു; നിങ്ങൾ ദൈവദൂതന്മാരുടെ നിയോഗങ്ങളായി ന്യായപ്രമാണം പ്രാപിച്ചു, എങ്കിലും അതു പ്രമാണിച്ചിട്ടില്ല (7:51–53).

ദൈവത്തെ ബഹുമാനിക്കുന്നില്ലെന്ന് സ്തെഫാനൊസിനെ അവർ കുറ്റപ്പെടുത്തി, എന്നാൽ ദൈവസന്ദേശം അറിയിക്കുമ്പോൾ പരിശുദ്ധാത്മാവിനെ നല്കി അയച്ചവരെ ശ്രദ്ധിക്കാതിരുന്നതു കൊണ്ട് അവർ ദൈവത്തിന്റെ ആത്മാവിനെയാണ് എതിർത്തത്! സ്തെഫാനൊസ് മോശെയെയും ന്യായപ്രമാണത്തെയും ബഹുമാനിക്കുന്നില്ലെന്നാണ് അവർ ആരോപിച്ചത്, പക്ഷേ അവർ തന്നേ ന്യായപ്രമാണം അനുസരിച്ചിരുന്നില്ല! സത്യം കേൾക്കുവാൻ അവരുടെ ചെവികൾ കൂട്ടാക്കിയില്ല, സത്യത്തെ സ്വീകരിക്കാൻ അവരുടെ ഹൃദയവും തയ്യാറായല്ല, സത്യത്തിനു കുനിയാൻ അവരുടെ കഴുത്തുകളും തയ്യാറായില്ല!

അവർ തങ്ങളുടെ പിതാക്കന്മാരെ പോലെ ആയിരുന്നു! അവരുടെ പിതാക്കന്മാർ യോസേഫിനെ തിരസ്കരിച്ചു. പിന്നെ, അവർ മോശെയെ തള്ളിക്കളഞ്ഞു – രണ്ടു പ്രാവശ്യം. അവസാനം, അവർ പ്രവാചകന്മാരെ തള്ളിക്കളഞ്ഞതു കൂടാതെ, അവരെ കൊല്ലുകയും ചെയ്തു! അതുപോലെ, ന്യായാധിപസഭ നീതിമാനായ, യേശു, വന്നപ്പോൾ – അവനെ തള്ളിക്കളയുകയും കൊല്ലുകയും ചെയ്തു!

സ്തെഫാനൊസ് പെട്ടെന്നു ആക്രമണ മനോഭാവത്തിൽ, അവന്റെ കണ്ണുകൾ ജ്വലിച്ചു, കൈകൾ അതിവേഗത്തിൽ – ന്യായാധിപസംഘത്തിനുനേരെ ചൂണ്ടി ധൈര്യമുണ്ടെങ്കിൽ എന്നെ മരണത്തിനു വിധിക്കു എന്നനിലയിൽ എന്നു ചില വ്യാഖ്യാതാക്കൾ പറയുന്നു. "ഇതു കൃപ

യുള്ള" ഒരാളുടെ സ്വഭാവമല്ല (6:8), അവൻ ന്യായാധിപസംഘത്തെ "സഹോദരന്മാരും പിതാക്കന്മാരും" എന്നു ബഹുമാനത്തോടെയാണ് സംബോധന ചെയ്തത് (7:2). പിന്നീട് അവൻ പ്രാർത്ഥിച്ചതു, "പിതാവേ, ഇവർക്ക് ഈ പാപം നിർത്തരുതേ എന്നാണ്!" (7:60). 51 മുതൽ 53 വരെയുള്ള വാക്യങ്ങളിൽ സ്തെഫാനൊസ് പറയുന്നതു അവരെ കോപിക്കുന്നതിനായിരുന്നില്ല, പിന്നെയോ അവരെ മാനസാന്തരത്തി ലേക്കു ക്ഷണിക്കുകയായിരുന്നു എന്നാണ് ഞാൻ കരുതുന്നത് - അവ രുടെ ഹൃദയത്തിലെ കല്ലുകൾ നുറുക്കുക എന്നതായിരുന്നു ലക്ഷ്യം. തന്റെ ഹൃദയം നുറുക്കി, മന്ദമായിട്ടായിരിക്കാം സ്തെഫാനൊസ് സംസാ രിച്ചിരിക്കുന്നു എന്നാണ് ഞാൻ ഊഹിക്കുന്നത്.

**ഉപസംഹാരം**

അത്രത്തോളമായിരുന്നു സ്തെഫാനൊസിന്റെ വിസമയാവഹമായ പ്രസംഗത്തിലുണ്ടായിരുന്നത്. അവന്റെ കേൾവിക്കാർ ചെവി പൊ ത്തി, അവനോടു നിലവിളിച്ചു, ന്യായാധിപസഭയിൽ നിന്നു അവനെ വലി ച്ചിഴച്ചുകൊണ്ടു പോയി. ദൈവത്തിന്റെ വിടുവിപ്പുകാരെ, അവരുടെ പിതാക്കന്മാരെ പോലെ തള്ളിക്കളയരുത് എന്ന വെല്ലുവിളിയാണ് സ്തെഫാനൊസ് നല്കിയത്, എന്നാൽ അവരുടെ പിതാക്കന്മാർ ചെയ്ത തുപോലെ തന്നെ അവർ അവനോടും ചെയ്തു, കല്ലെറിഞ്ഞു കൊന്നു.


സ്തെഫാനൊസിന്റെ പ്രസംഗത്തിൽ നമുക്ക് എന്തെങ്കിലും പാഠം ഉണ്ടോ? ധാരാളം ഉണ്ട്. ഉദാഹരണത്തിനു, ചരിത്രത്തിൽ എല്ലാം ചെയ്തു നമുക്കു രക്ഷവരുത്തിയതിനാൽ നാം ദൈവത്തെ അനുമോ ദിക്കണം. ഇന്നു ഏറ്റവും വലിയ വെല്ലുവിളി ഉയർത്തുന്ന പാഠം ദൈവ ത്തിന്റെ വിടുവിപ്പുകാരനെ തള്ളിക്കളയാതിരിക്കുക എന്നതാണ്. നമു ക്കറിയാം "ദൈവം, പിതാക്കന്മാരോട് പ്രവാചന്മാരിൽ കൂടെ സംസാരി ക്കുന്നു ..." (എബ്രായർ 1:1, 2) യേശു പറഞ്ഞു, "എന്റെ വചനം കൈക്കൊള്ളാതെ, എന്നെ തള്ളിക്കളയുന്നവനെ, ന്യായം വിധിക്കുന്ന വൻ ഉണ്ട്; ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവ നെ ന്യായം വിധിക്കും" (യോഹന്നാൻ 12:48).

നാം ഓരോരുത്തരും ചോദിക്കണം, "യേശു എന്റെ മുമ്പിൽ നിന്നാൽ, ഞാൻ അവനെ സ്വീകരിക്കുമോ തള്ളിക്കളയുമോ?" അല്ലെ ങ്കിൽ, നാം സ്തെഫാനൊസിന്റെ കുടെയോ അതോ ന്യായാധിപസം ഘത്തിന്റെ കൂടെയോ?

**ദൃശ്യ - സഹായകുറിപ്പുകൾ**

സ്തെഫാനൊസിന്റെ പ്രസംഗത്തിലെ ചരിത്രാവലോകനം താഴെ കൊടുത്ത ചിത്രത്തിൽ കാണാം ചിത്രത്തിന്റെ മുകളിൽ "തള്ളി ക്കളഞ്ഞു" എന്ന് എഴുതുക പിന്നെ ഒരു ആരോ കാണിച്ച് ദൈവത്തിന്റെ ഓരോ വിടുവിപ്പുകാരുടേയും ചിത്രം വരച്ച് അത് പഠിപ്പിക്കുക.

ആഗ്രഹമെങ്കിൽ, കല്ലു കൊണ്ടുള്ള ഒരു യാഗപീഠം "അബ്ര ഹാമിന്റെ മുമ്പിൽ ... 12 ഗോത്രപിതാക്കന്മാരും," ആയുള്ള ഒരു രൂപരേഖ




***ദൈവത്തിന്റെ വിടുവിപ്പുകാരെ തള്ളിക്കളയുന്നതു കാണിക്കുന്ന സ്തെഫാനൊസിന്റെ പ്രസംഗത്തിലെ സമയരേഖ***

കൂട്ടിച്ചേർക്കാം. പിന്നീട് കത്തുന്ന കാടും പുറകിൽ ''മോശെയെ ഉയർത്തുന്നു,'' അരികിൽ സമാഗമന കൂടാരവും. ''മോശെ യിസ്രായേലിനെ നയിക്കുന്നു," ശേഷം ദേവാലയവും "യിസ്രായേലിന്റെ വാഗ്ദത്ത ദേശപ്രവേശനവും." യെരുശലേമിനു പുറത്തും ആളുകൾ ദൈവത്തെ ആരാധിച്ചിരുന്നു എന്നത് സ്തെഫാനൊസ് ഊന്നൽ കൊടുത്തതും നിങ്ങൾക്കു കാണിക്കാം.

നിങ്ങൾക്കു താല്പര്യമെങ്കിൽ, പഴയ നിയമ ഭൂപടം വലുതാക്കി ഉപയോഗിച്ച് സ്തെഫാനൊസിന്റെ പ്രസംഗം വീണ്ടും പറയാം. മുഖ്യ കഥാപാത്രങ്ങളിൽ ചിലത് കൂടെ ഇതിനോട് ചേർക്കാം. നിങ്ങൾ ഇത് വീണ്ടും പറയുമ്പോൾ, ദൈവത്തിന്റെ വിടുവിപ്പുകാരെ ഓരോരു ത്തരേയും, യെഹൂദന്മാർ തള്ളിക്കളഞ്ഞു എന്നത് "തള്ളിക്കളഞ്ഞു" എന്ന് വലുതായി ആ പടത്തിൽ എടുത്തു കാണിക്കാം.

---

## പ്രസംഗ കുറിപ്പുകൾ

---

സ്തെഫാനൊസ് തന്റെ ചരിത്ര വിവരണങ്ങൾ നല്കുമ്പോൾ കേൾവിക്കാർക്ക് പരിചയം ഉണ്ടെന്ന ഊഹത്താൽ വിപുലീകരി ക്കുന്നില്ല. ആ സമീപനമാണ് ഞാൻ എന്റെ പാഠത്തിൽ എടുത്തിരി ക്കുന്നത്. സ്തെഫാനൊസ് പറഞ്ഞ സംഭവങ്ങൾ നിങ്ങളുടെ കേൾവിക്കാർക്ക് പരിചയം ഇല്ലെങ്കിൽ, ചുരുക്കമായി സമയം എടുത്ത് നിങ്ങൾക്കത് വിവരിക്കാം. അവ കണ്ടെത്താൻ സഹായകരമായ ചില വാക്യങ്ങൾ ഞാൻ നല്കിയിട്ടുണ്ട്.

പ്രവൃത്തി 7:17–44 ഉം എബ്രായർ 11:23–29, മോശെയെക്കുറിച്ച് അനുബന്ധപാഠങ്ങളുടെ അടിസ്ഥാനം നല്കുന്നുണ്ട്. എബ്രായർ 11:23–29 നെയും മോശെയും കുറിച്ചുള്ള, എന്റെ പ്രസംഗത്തിൽ അതു കാണാം, (1992 നവംബറിലെ) ട്രൂത്ത് ഫോർ ടുഡേ നോക്കുക

പ്രവൃത്തി 7:26 വേദഭാഗമായി ആവശ്യമായ പ്രസംഗം ആക്കാം: ''സഹോദരന്മാരായ, പുരുഷന്മാരെ; നിങ്ങൾ അന്യോന്യം പിണക്കത്തിലായിരിക്കുന്നതെന്ത്?" (ഇത് ഉല്പത്തി 13:8–ൽ അബ്രഹാം ലോത്തിനോട് പറയുന്നതുമായി ബന്ധപ്പെടുത്തുക: ''എനിക്കും നിനക്കും തമ്മിൽ ദയവായി ഒരു പിണക്കവും അരുത് ... നാം സഹോദരങ്ങളല്ലോ.")

---

കുറിപ്പുകൾ

[1]അപ്പൊസ്തലൻ അല്ലാത്ത ഒരാളുടെ *ഏക* സുവിശേഷ പ്രസംഗം വാക്യപ്രതിവാ ക്യമായി പറഞ്ഞിട്ടുള്ളത് ഇതു മാത്രമാണ് (മറ്റൊരു വാക്കിൽ, അപ്പൊസ്തലന്മാരുടെത ല്ലാത്ത ബന്ധത്തിൽ). [2]ഒരു പക്ഷെ ഇതു തിരഞ്ഞെടുക്കപ്പെട്ട തന്റെ ജനതയോടുള്ള ദൈവത്തിന്റെ ഉച്ചസ്ഥായിയിലുള്ള പരിശ്രമമാകയാൽ ദൈർഘ്യമുള്ളതാകാം. [3]ജിമ്മി അലെൻ വിശ്വസിക്കുന്നതു സ്തെഫാനൊസ് തന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു

മുമ്പ് തടസപ്പെടുത്തി എന്നാണ്. (*സർവേ ഓഫ് ആക്ട്സ്* [സേഴ്സി, ആർക്ക്.: ബൈ ദി ആദർ, 1986], 73), ഞാൻ അതിനോടു യോജിക്കുന്നു. ഉദാഹരണമായി, ഉയർത്തെഴുന്നേല്പ് പറഞ്ഞിട്ടേയില്ല - പുതിയനിയമ ഉപദേശങ്ങളിലെല്ലാം അത്യാവശ്യമായിരുന്നു. തന്റെ പ്രസംഗത്തിലെ പോയിന്റുകളെല്ലാം ഒന്നിച്ചു ചേർന്നു പ്രായോഗികമാക്കാൻ ശ്രമിച്ചിരിക്കാം, അവനു തന്നെ ചെയ്യാൻ കഴിയുന്നതിനു മുമ്പു അവനെ കൊന്നുകളഞ്ഞു. [4]മുമ്പുള്ള പാഠത്തിൽ പറഞ്ഞപ്രസ്താവന ഓർമ്മിക്കുമല്ലോ: "നിങ്ങൾ വ്യക്തിയെ ബഹുമാനിച്ചില്ലെങ്കിലും, സ്ഥാനത്തെ ബഹുമാനിക്കുക." [5]ചില വ്യാഖ്യാതാക്കൾ സ്തെഫാനൊസിന്റെ പ്രസംഗത്തെ വിമർശിച്ചിട്ടുണ്ട്, "ചരിത്രപരമായ തെറ്റുകൾ സ്തെഫാനൊസ് അല്ലെങ്കിൽ ലൂക്കോസ് വരുത്തിയിട്ടുണ്ട്" എന്നാണ് അവർ പറയുന്നത്. അവർ പറയുന്ന തെറ്റുകൾ സ്തെഫാനൊസിന്റെ പ്രസംഗത്തിലെ സത്യത്തെ മാറ്റുന്നതല്ല, തന്നെയുമല്ല "ന്യായപ്രമാണ പണ്ഡിരായ" (ശാസ്ത്രിമാർ) സ്തെഫാനൊസ് പറഞ്ഞ വസ്തുതയെ ഖണ്ഡിച്ചുമില്ല, അതിനാൽ വിമർശനങ്ങൾ നമ്മുടെ പാഠത്തിൽ എടുക്കേണ്ടതില്ല സ്തെഫാനൊസ് ദൈവശ്വാസീയമായി പ്രസംഗിക്കയും ലൂക്കോസ് ദൈവശ്വാസീയമായി രേഖപ്പെടുത്തുകയും ചെയ്തു എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട്, സ്തെഫാനൊസ് പറഞ്ഞതിൽ ഒരിക്കലും തെറ്റില്ല, എന്തെങ്കിലും തെറ്റായി തോന്നുന്നുവെങ്കിൽ അതുനമ്മുടെ അറിവില്ലായ്മയോ തെറ്റിദ്ധാരണയോ ആണ്. അത്തരം എതിർപ്പുകൾ വെറും സങ്കല്പം മാത്രമാണെന്നു ഞാൻ പറഞ്ഞു കൊള്ളട്ടെ. ഒന്നാമത്തെതു 2 ഉം 3 ഉം വാക്യങ്ങളിലാണ്. ഉല്പത്തി 11:31-12:3 അനുസരിച്ചു ദൈവം ഹിരോനിൽവച്ച് അബ്രഹാമിനെ ദൈവം കാണപ്പെട്ടു എന്നാണ് വാക്യം 3-ൽ പറയുന്നു. സ്തെഫാനൊസ് പറഞ്ഞതു "ഹിരോനിൽ [അബ്രഹാം] മുമ്പു താമസിച്ചിരുന്നു എന്നാണ്" ഉല്പത്തി 15:7 ഉം നെഹമ്യാവ് 9:7 ഉം പറയുന്നതു കൽദംയപട്ടണമായ ഊർ എന്നസ്ഥലത്തു വച്ചാണ് ദൈവം അബ്രഹാമിനു പ്രത്യക്ഷനായതു എന്നാണ്. സ്തഫാനൊസ് പറഞ്ഞതു അബ്രഹാമിനു ദൈവം ഹാരോനിൽ വീണ്ടും നല്കിയ സന്ദേശത്തെയാണ്. (ഈ വിമർശിക്കപ്പെട്ട തെറ്റുകളെ കൂടുതലായി വിവരിച്ചിരിക്കുന്നതു കാണുവാൻ. ഡബ്ല്യിയൂ മെക്ഗാർവേയുടെ *ന്യൂകമന്ററി ഓൺ ആക്ട്സ് ഓഫ് ദി അപ്പോസ്തൽസ്* [ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി; n.d.] അല്ലെങ്കിൽ അലെൻസ് *സർവെ* ഓഫ് ആക്ട്സ് നോക്കുക.) [6]കൽദയ പട്ടണമായി ഊരിൽ ദൈവം ആദ്യമായി അബ്രഹാമിന്നു പ്രത്യക്ഷനായി. ഈ പുസ്തകത്തിലെ പഴയനിയമ ഭൂപടം നോക്കുക. കൽദയ എന്നതു തെക്കൻ ബാബേലിലെ ഒരു ജില്ലയായിരുന്നു. ക്രമേണ ബാബേൽ പ്രദേശത്തെ മൊത്തം ആപേരിൽ അറിയപ്പെടാൻ തുടങ്ങി. [7]പഴയനിയമലോകഭൂപടം നോക്കുക. [8]അബ്രഹാമിന്റെ കാലത്തു ഈ പ്രദേശത്തെ കനാൻ എന്നു വിളിച്ചിരുന്നു; സ്തെഫാനൊസിന്റെ കാലത്തു ഈ പ്രദേശത്തെ പാലസ്തീൻ എന്നു വിളിച്ചിരുന്നു. പഴയനിയമ ലോകഭൂപടം നോക്കുക. [9]അബ്രഹാം അവിടെ ഒരു ശവസംസ്കാരസ്ഥലം വാങ്ങിയിരുന്നു. (7:16 ന്റെ ഭാഗം ശ്രദ്ധിക്കുക), എന്നാൽ അവന്റെ പിൻഗാമികൾക്കു അവിടെ *താമസി*ക്കാതിരുന്നതുകൊണ്ട്, അതിനെ "അവകാശം" എന്നു വിളിച്ചിരുന്നില്ല. [10]ഇതു മിസ്രയിമിലെ അടിമത്വത്തെ, സൂചിപ്പിക്കുന്നു (വാക്യം 15 ഉം 17 ഉം) "400 വർഷം" മൊത്ത സംഖ്യയാണ്.

[11]ഉല്പത്തി 17:9-14, 21. [12]സ്തെഫാനൊസിന്റെ സംബോധന "മഹത്വത്തിന്റെ ദൈവം" എന്നുപറഞ്ഞുകൊണ്ടാണ് (7:2). അവസാനിപ്പിക്കുന്നതും "മഹത്വത്തിന്റെ ദൈവം" എന്നുപറഞ്ഞുകൊണ്ടാണ് (7:55), അവന്റെ മുഖത്ത് അപ്പോഴെല്ലാം ആ മഹിമ കാണാമായിരുന്നു (6:15). [13]ഉല്പത്തി 22:18; പ്രവൃത്തി 3:25; ഗലാത്യർ 3:16. [14]ഉല്പത്തി 37:3, 4, 25-28. [15]ഉല്പത്തി 39:2, 21. [16]ഉല്പത്തി 41:38-45, 54. [17]ഉല്പത്തി 41:54. [18]ഉല്പത്തി 45:17-21. [19]എബ്രായ ബൈബിൾ "എഴുപതു" എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. (ഉല്പത്തി 46:27; പുറപ്പാട് 1:5; ആവർത്തന പുസ്തകം 10:22), എന്നാൽ പഴയ നിയമത്തിന്റെ ഗ്രീക്കു തർജ്ജിമ (സെപ്റ്റൊജിന്റ്) ഉല്പത്തി 46:20-ൽ മനേശയുടെ ഒരു മകന്റെയും, എബ്രഹാമിന്റെയും രണ്ടു മക്കളുടെയും, ഓരോരുത്തരുടെയും ഓരോകൊച്ചുമകന്റെയും പേരെ

ടുത്താണ് - "എഴുപത്തഞ്ചു" എന്നു ചേർത്തിരിക്കുന്നത്. [20]സ്തഫാനൊസ് സംസാരിച്ചപ്പോൾ, ശേഖേം ശമര്യയിലായിരുന്നു. യഹൂദ്യയെ പോലെ ശമര്യയും വിശുദ്ധ സ്ഥലമാണെന്ന ചിന്ത സ്തെഫാനൊസ് കൊടുത്തു. അതുകൊണ്ടു സുവിശേഷം ശമര്യയിലേക്കും എത്തിക്കുവാൻ ഒരുങ്ങി (8:5).


[21]16-൧൦ വാകൃത്തിൽ 2 സ്ഥലങ്ങൾ വാങ്ങുന്നതും രണ്ടു ശവസംസ്കാര സ്ഥലങ്ങളെയും പറയുന്നു (ഉല്പത്തി 23:17, 18; 25:9-11; 33:19; 35:29; 50:19; യോശുവാ 24:32) "സ്തെഫാനൊസിന്റെ വാക്പാടവ ഉപായത്താൽ (അവൻ യാക്കൊബും പന്ത്രണ്ടു പിതാക്കന്മാരും അടക്കപ്പെട്ടതു മിസ്രയിമിലല്ല, കനാനിലായിരുന്നു) എന്നതു ആധുനിക മനുഷ്യർക്കു അസാധാരണമെങ്കിലും അവന്റെ കേൾവിക്കാർക്കു മനസ്സിലായിരുന്നു" (ലൂയിസ് ഫോസ്റ്റർ, നോട്ട്സ് ഓൺ ആക്ട്, *ദിNIV സ്റ്റഡി ബൈബിൾ* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: സോണ്ടെർവൻ പബ്ലിഷിങ് ഹൗസ്, 1985], 1655). [22]5 മുതൽ 7 വരെയുള്ള ഭാഗത്തിന്റെ സൂചനയാണിത്. [23]പുറപ്പാട് 1:8. [24]പുറപ്പാട് 2:2, 3. സ്തെഫാനൊസ് അർത്ഥമാക്കിയതു ചില യിസ്രായേല്യർ വാസ്തവത്തിൽ ഫറവോന്റെ ശാസന അനുസരിച്ചിരുന്നു എന്നാണ്. [25]പുറപ്പാട് 2:1-10. [26]"പുറത്തിട്ടു" എന്നതിന്റെ അർത്ഥം മോശെയുടെ മാതാപിതാക്കൾ ഫറവോന്റെ ശാസന അനുസരിച്ചു എന്നാണ്. ഫറവോന്റെ മകൾക്കു അവനെ "പുറത്തിട്ടു" എന്നു പറയുന്ന പ്രതീതിയാണ് ആ വാക്കിൽ നിന്നു കിട്ടുന്നത്. [27]സ്തെഫാനൊസ് വിശദമാക്കുന്ന മോശെ വളർന്ന സാഹചര്യം പുറപ്പാടിൽ നാം കാണുന്നില്ല. മോശെയുടെ ശക്തമായ പ്രവൃത്തികൾ ചിലതു ജോസെഫസിന്റെ പുസ്തകത്തിൽ യെഹൂദ പാരമ്പര്യത്തെക്കുറിച്ചെഴുതിയതിൽ തുറന്നുകാണിക്കുന്നുണ്ട്, "വാക്കുകളിൽ ശക്തിയുള്ള മനുഷ്യൻ" എന്ന പ്രയോഗം ശ്രദ്ധിക്കുക. അതു പുറപ്പാട് 4:10 ലെ മോശെയുടെ പ്രസ്താവനക്കു എതിരല്ല: (1) "വാക്കുകളിൽ ശക്തി" എന്നതു പ്രസംഗത്തിന്റെ "വാചാലതയെയല്ല" അർത്ഥമാക്കുന്നത്; അവന്റെ വാക്കുകൾ മിസ്രയിമിൽ വളരെ ഘനമുള്ളതായിരുന്നു എന്നർത്ഥം. (2) തന്റെ പോരായ്മയെ അധികരിച്ചു പറഞ്ഞതാകാം പുറപ്പാട് 4:10-ൽ ദൈവം അവനിൽ ഭാരമേല്പിക്കുന്ന ഉത്തരവാദിത്വത്തിൽ നിന്നു ഒഴിഞ്ഞു മാറാനാകാം. [28]ഇത് പുറപ്പാടിൽ വിശദമായി കാണുന്നില്ല: 40 ാമത്തെ വയസ്സിൽ അവൻ മിസ്രയിം വിട്ടു. [29]പുറപ്പാട് 2:12. [30]ഇത് പുറപ്പാടിലെ മറ്റൊരു ചിന്ത ഉണർത്തുന്നു: കത്തുന്ന മുൾപ്പടർപ്പിനു മുൻപിൽ എത്തുന്നതിനു മുമ്പു പോലും മോശയിൽ ഒരു ദൈവിക ദൗത്യം കാണുന്നുണ്ടായിരുന്നു. സ്തെഫാനൊസിന്റെ പോയിന്റ് നാല്പതു വയസ്സുള്ള മോശെയെ അവർ തള്ളികളഞ്ഞപ്പോൾ ദൈവം അയച്ച അവരുടെ വീണ്ടെടുപ്പുകാര നെയാണ് നിഷേധിച്ചത്.

[31]പുറപ്പാട് 2:13, 14. [32]മോശെ പേടിച്ചിട്ടായിരുന്ന ഫറവോന്റെ സന്നിധിയിൽ നിന്നും ഓടിപ്പോ യത് (പുറപ്പാട് 2:15) യിസ്രായേലിന്റെ തുടർച്ചയായ നിഷേധത്തെയാണ് സ്തെഫാനൊസ് എടുത്തുകാണിക്കുന്നത്. [33]ദൂതന്റെ പങ്കിനെ സ്തെഫാനൊസ് തന്റെ പ്രസംഗത്തിലെല്ലാം ഊന്നി പറ യുന്നുണ്ട്. സദൂക്യരാണ്, ന്യായാധിപസംഘത്തെ നിയന്ത്രിക്കുന്നതെന്നോർക്കുക, അവർ ദൂതന്മാരിൽ വിശ്വസിച്ചിരുന്നില്ല! [34]പുറപ്പാട് 3:1-4:17. [35]ആവർത്തന പുസ്തകം 18:15-19; പ്രവൃത്തി 3:22, 23. [36]സങ്കീർത്തനം 22:22 കാണുക. "ഇടവക" എന്ന വാക്ക് ഗ്രീക്കു വാക്കായ *എക്ലേസ്യ* തർജ്ജിമ ചെയ്തതാണ്, സാധാരണ ആ വാക്ക് "സഭ" എന്നാണ് പ്രവൃത്തികളുടെ പുസ്തകത്തിൽ തർജ്ജിമചെയ്തിട്ടുള്ളത്. ഇതിനർത്ഥം കർത്താവിന്റെ സഭ (മത്തായി 16:18) മരുഭൂമിയിലുണ്ടായിരുന്നു എന്നു ധരിക്കരുത് "കൂടിവരവ്" എന്ന അർത്ഥത്തിലാണ് വാക്ക് ഉപയോഗിച്ചിരിക്കുന്നത് "പ്രവൃത്തി, 1" ലെ നിഘണ്ടുവിലെ "സഭ" എന്നവാക്ക് നോക്കുക. [37]റോമർ 3:2; എബ്രായർ 5:12; 1 പത്രൊസ് 4:11 കൂടെ നോക്കുക. *ലോഗോസ്* എന്ന ഗ്രീക്കു വാക്കു ബഹുവചനത്തിൽ തർജ്ജിമചെയ്തതാണ് "ഓറക്കിൾസ്," "വചനം." അക്ഷരികമായി, സ്തെഫാനൊസ് പറഞ്ഞതു "ജീവനുള്ള വചനം" എന്നാണ്. *ഓറക്കിൾസ്* എന്നതു ലാറ്റിൻ വാക്കാണ്; അർത്ഥം "സംസാരവാക്കുകൾ" എന്നാണ്.

[38]പുറപ്പാട് 32:3, 35. ഇതു ഒരു പക്ഷേ മിസ്രയിമ്യരുടെ കാളയെ ആരാധിക്കു ന്നതിനെ പറ്റി പറയുന്നതായിരിക്കാം. [39]"ദൈവം അവരെ അതിന്നു ഏല്പിച്ചു കൊടുത്തു" എന്ന റോമർ 1:24, 26, 28 എന്നീ വാക്കുകളുമായി താരതമ്യം ചെയ്യുക. [40]"ആകാശത്തിലെ സൈന്യം" എന്നതു സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയാണ്. ആവർത്തന പുസ്തകം 17:3; 2 രാജാക്കന്മാർ 17:16; 21:3; 2 ദിനവൃത്താന്തം 33:3, 4, 35; യിരെമ്യാവ് 8:2; 19:13.

[41]"ചെറിയ പ്രവാചകന്മാർ" എന്നു വിളിക്കുന്നതെല്ലാം അടങ്ങുന്ന ചുരുളാണ് ഇത്. പ്രത്യേകമായി, സ്തെഫാനൊസ്, ആമോസ് 5:25-27 ആണ്, എഴുപതു ഉപയോഗിച്ച ഉദ്ധരിച്ചത്. [42]അവരുടെ പാപങ്ങൾക്കു വേണ്ടി മൃഗങ്ങളെ ബലിയർപ്പിച്ച രസകരമായ രീതിയാണിത്: ആളുകളുടെ പാപങ്ങൾക്കുവേണ്ടി *നിരപരാധികളായ* മൃഗങ്ങൾ വേദന അനുഭവിക്കുന്നു. [43]വേദഭാഗം അക്ഷരികമായി നല്കുന്നതു "കൂടാരം" (അല്ലെങ്കിൽ, ടെന്റ്) ആണ്. NIV യിൽ "മൊലോക്കിന്റെ ക്ഷേത്രം" എന്നാണുള്ളത്. [44]അമ്മോന്യരുടെ ദേവന്റെ എബ്രായ പേരായിരുന്നു മോലോക് (NIV; "മോലേക്ക്"). രോംഫാ (NIV യിൽ; "രേഫാൻ" അല്ലെങ്കിൽ "രെംഫാൻ" എന്നത്; KJV) ഗ്രീക്കു ദേവനായിരുന്ന "സാറ്റേണിന്റെ" പേരിനു ഉപയോഗിച്ചതാണ്, അതു പ്രകാശങ്ങളുടെ ദേവൻ ആയിരുന്നു. ഇവ രണ്ടും "ആകാശ സൈന്യങ്ങളുടെ" ഭാഗമാണ്. യിസ്രായേല്യർ ഇവയെ ആരാധിക്കുമായിരുന്നു (വാക്യം 42). [45]ആമോസ് പറഞ്ഞതു "ദമസ്ക്കൊസ്" എന്നും. സ്തെഫാനൊസ് പറഞ്ഞതു, "ബാബേൽ" എന്നുമാണ് അവരുടെ നിഷേധം കാരണം അവർ *അവസാനമായി* മാറ്റപ്പെട്ടതു ഇവിടേക്കായിരുന്നു. [46]കൂടാരത്തെ "സാക്ഷ്യകൂടാരം" എന്നും വിളിച്ചിരുന്നു. കാരണം അതിനക ത്തു "നിയമപെട്ടകം" (അല്ലെങ്കിൽ സാക്ഷ്യം), അതു പത്തുകല്പനകൾ അടങ്ങുന്ന കല്പനയോടു കൂടിയായിരുന്നു (പുറപ്പാട് 25:22; 38:21). [47]പുറപ്പാട് 25:40; എബ്രായർ 8:5. [48]കനാനിൽ വെച്ചു ദാവീദിന്റെ കാലം വരെ കൂടാരത്തിന്റെ പുനരവ ലോക നത്തിനുവേണ്ടി. [49]1 ശമുവേൽ 13:14; സങ്കീർത്തനങ്ങൾ 89:20-37. [50]പൗലൊസ് പിന്നീട് ഇതേ പ്രസ്താവന വിഗ്രഹാരാധനക്കാരുടെ ക്ഷേത്ര ങ്ങളെ കുറിച്ചു ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തി 17:24).

[51]ദൈവം സഭയിൽ വസിക്കുന്നു (1 കൊരിന്ത്യർ 3:16, 17). 1 പത്രൊസ് 2:4-10 നോക്കുക. [52]യെശയ്യാവ് 66:2-ൽ യെശയ്യാവ് ഇതേരീതിയിൽ പ്രാസ്താവിച്ചിട്ടുണ്ട്, സ്തെഫാനൊസിന്റെ ഉദ്ധരണിക്കു ശേഷം. [53]നമുക്കറിയാവുന്നേടത്തോളം, സ്തെഫാനൊസിന്റെ പ്രസംഗത്തെ ചുരുക്കിയതു അവനെ കല്ലെറിഞ്ഞവരാണ്. മറ്റു പ്രസംഗങ്ങളെല്ലാം ഈ സമയംവരെ ചുരങ്ങിയതാകകൊണ്ട് (പരിശുദ്ധാത്മാവ് എഡിറ്റ് ചെയ്തതാണ്), ഇതും ചെറുതാണെ ന്നു പറയാം. ലൂക്കൊസ് പറഞ്ഞിട്ടില്ലാത്ത പ്രായോഗികത ഒരുപക്ഷേ സ്തെഫാനൊസ് പറഞ്ഞിരിക്കാം. [54]"ശാഠ്യക്കാരും ഹൃദയത്തിനും ചെവിക്കും പരിച്ഛേദന ഇല്ലാത്തവരും" എന്നതു കഠിനഹൃദയരും, ദുരഭിമാനമുള്ളവരും, അനുസരണമില്ലാത്തവരെയും പഴയ നിയമത്തിൽ പറഞ്ഞിരുന്ന പ്രസ്താവനയാണ് (പുറപ്പാട് 33:3, 5; ലേവ്യാപുസ്തകം 26:41; യിരെമ്യാവ് 6:10; യെഹെസ്കേൽ 44:7). "സ്റ്റിഫ് നെക്ഡ്" എന്നതു നുകം കഴുത്തിൽ വെക്കാൻ സമ്മതിക്കാത്ത കാളയുടെ ഉറച്ച കഴുത്തിനെയാണ് സൂചിപ്പിക്കുന്നത്. പിരിച്ഛേദന ദൈവത്തിനു കീഴ്പ്പെടുന്ന അടയാളമാണ്. "ഹൃദയത്തിനും ചെവിക്കും പരിച്ഛേദന ഇല്ലാത്തവർ" എന്നതുകൊണ്ട്, അവർ ശാരീരികമായി മാത്രം ദൈവത്തോടു ചായുകയും, ആത്മീയമായി പറ്റിച്ചേരാതിരിക്കയും ചെയ്തു. അവരുടെ ഹൃദയം കഠിനപ്പെട്ടുപോയി, അവർ ദൈവത്തിന്റെ സന്ദേശവാഹകരെ കേൾക്കാൻ കൂട്ടാക്കിയില്ല. [55]സംഖ്യാപുസ്തകം 27:14. പരിശുദ്ധാത്മ ശക്തിയാൽ സംസാരിച്ച പ്രവാചകന്മാരോടു മറുത്തു നിന്നതിനാൽ അവർ ആത്മാവിനോടു മറുത്തു നിന്നു (2 പത്രൊസ് 1:21) ഇന്നു മനുഷ്യൻ സുവിശേഷത്തെ തള്ളികളയുമ്പോൾ, ആളുകൾ പരിശുദ്ധാത്മാവിനെയാണ് തള്ളിക്കളെയുന്നത്. [56]എബ്രായർ 11:32-38. [57]പ്രവൃത്തി 3:14.




**പത്രൊസിന്റെയും ഫിലിപ്പൊസിന്റെയും യാത്ര**